**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 154** **16-03-2022 - ൽ മറുപടിയ്ക്ക്**

**ഗുണ്ടാ - മയക്കുമരുന്ന് സംഘങ്ങളെ നിയന്ത്രിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ്,<br>ശ്രീ സി ആർ മഹേഷ്,<br>ശ്രീ. ടി.സിദ്ദിഖ്,<br>ശ്രീമതി കെ.കെ.രമ | | null<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഗുണ്ടാ വിളയാട്ടവും പോലീസ് അതിക്രമങ്ങളും ജനജീവിതം ദുഷ്കരമാക്കിയിരിക്കുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിലും ഉയർന്ന ഉദ്യോഗസ്ഥരുടെ മുമ്പിലും പരാതിയുമായി എത്തുന്ന ഏതൊരാളുടെയും പരാതിയിൽ സുതാര്യവും നീതിയുക്തവുമായ നിയമം നടപ്പാക്കുന്നതിനും പൗരാവകാശങ്ങളും വ്യക്തിമഹത്വവും സംരക്ഷിക്കുന്നതിനും പ്രതിജ്ഞാബദ്ധമായ സേനയാണ് കേരളാ പോലീസ്. ഇന്ത്യയിലെ വിവിധ ഏജൻസികൾ പ്രവർത്തനമികവിന് നൽകുന്ന അവാർഡുകളിൽ ഒന്നാം സ്ഥാനം നിരന്തരം കേരളാ പോലീസ് കരസ്ഥമാക്കി വരുന്നു. ക്രമസമാധാന പരിപാലനത്തിനും കുറ്റാന്വേഷണത്തിനും സാങ്കേതിക മികവിനും ലോകോത്തര നിലവാരമുള്ള അംഗീകാരങ്ങൾ ഇതിനകം കേരളാ പോലീസിന് ലഭിച്ചിട്ടുണ്ട്. തികച്ചും പ്രൊഫഷണലായ ഒരു സേനയായി കേരളാ പോലീസിനെ മാറ്റിയെടുക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. പോലീസ് ഉദ്യോഗസ്ഥരുടെ ഭാഗത്ത് ഏതു തരത്തിലുള്ള തെറ്റായ പ്രവണത ഉണ്ടായാലും അതിനെതിരെ ശക്തമായ നടപടിയാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. ഗുണ്ടാ ആക്രമണങ്ങളും കൊലപാതകങ്ങളും പോലുള്ള സംഘടിത കുറ്റകൃത്യങ്ങൾ ഉന്മൂലനം ചെയ്യാനായി പ്രത്യേക പദ്ധതിക്ക് പോലീസ് രൂപം നൽകിയിട്ടുണ്ട്. ജില്ലാ പോലീസ് മേധാവിമാരുടെ മേൽനോട്ടത്തിൽ എല്ലാ ജില്ലയിലും പ്രത്യേകം സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. അതത് ജില്ലകളിലെ സ്ഥിരം കുറ്റവാളികളെയും അവരുടെ പണമിടപാടുകളെയും മറ്റ് പ്രവർത്തനങ്ങളെയും നിരീക്ഷിക്കുകയും ഉചിത സമയത്ത് ആവശ്യമായ ഇടപെടലുകൾ നടത്തുകയുമാണ് ഇതിന്റെ കർത്തവ്യം. എസ്.എച്ച്.ഒ.മാരുടെ നേതൃത്വത്തിൽ രണ്ട് |

| | | | |
|---|---|---|---|
| | | | പോലീസ് ഉദ്യോഗസ്ഥർ അതത് സ്റ്റേഷൻ പരിധിയിലെ ഗുണ്ടകളുടെ പ്രവർത്തനങ്ങൾ പ്രത്യേകം നിരീക്ഷിച്ചു വരുന്നു. സംസ്ഥാനത്ത് ഗുണ്ടകളെയും സാമൂഹ്യ വിരുദ്ധരേയും അമർച്ച ചെയ്യുന്നതിന് "ഓപ്പറേഷൻ കാവൽ" എന്ന പേരിൽ ഒരു പദ്ധതി എല്ലാ ജില്ലകളിലും ആരംഭിച്ചിട്ടുണ്ട്. ഇത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരെ കണ്ടെത്തി അവർക്കെതിരെ കാപ്പാ നിയമം ഉൾപ്പെടെ കരുതൽ നടപടികൾ സ്വീകരിച്ചു വരുന്നു. ക്രിമിനൽ പശ്ചാത്തലമുള്ളവരുടെ സാമ്പത്തിക സ്രോതസ് ഉൾപ്പെടെയുള്ള ഡാറ്റാബേസ് തയ്യാറാക്കി വരുന്നു. ഇതിനു പുറമെ ഇവരെ സംബന്ധിച്ച ഹിസ്റ്ററി ഷീറ്റും ജില്ലാ അടിസ്ഥാനത്തിൽ തയ്യാ റാക്കിയിട്ടുണ്ട്. ഓപ്പറേഷൻ കാവൽ പദ്ധതി വളരെ കാര്യക്ഷമമായി സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു. |
| (ബി) | ഉണ്ടോ - മയക്കുമരുന്ന് സംഘങ്ങൾക്ക് ചില രാഷ്ട്രീയ പാർട്ടികളുടെയും സർക്കാരിന്റേയും സംരക്ഷണമുള്ളതുകൊണ്ടാണ് ഇത്തരം സംഘങ്ങളെ അമർച്ച ചെയ്യാൻ പോലീസിന് കഴിയാത്തത് എന്ന വിമർശനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | (എ) യിൽ ചേർത്തിരിക്കുന്നു. |
| (സി) | ഗുണ്ടകളെ നിയന്ത്രിക്കുന്നതിലും കുറ്റക്കാരെ നിയമത്തിന് മുന്നിൽ കൊണ്ടുവരുന്നതിലും പോലീസ് പൂർണ്ണമായും പരാജയപ്പെട്ടു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | (എ) യിൽ ചേർത്തിരിക്കുന്നു. |
| (ഡി) | കോവളം എം.എൽ.എ.യുടെ വീടിന് മുന്നിൽ നിർത്തിയിട്ടിരുന്ന കാർ അടിച്ചു തകർത്ത സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ; പ്രസ്തുത സംഭവത്തിൽ അന്വേഷണം നടത്തുന്നുണ്ടോ; വിശദമാക്കാമോ? | (ഡി) | ഇതു സംബന്ധിച്ച് ബാലരാമപുരം പോലീസ് സ്റ്റേഷനിൽ ക്രൈം നം. 219/22 u/s 294 (b), 506 (ii), 427, 452 IPC & 5 of Kerala Prevention of Damages to Private Property and Payment of Compensation Act 2019 പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് പ്രതിയെ സംഭവദിവസം തന്നെ അറസ്റ്റ് ചെയ്ത് നിയമ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കേസിന്റെ അന്വേഷണം ഊർജ്ജിതമായി നടന്നു വരുന്നു |

സെക്ഷൻ ഓഫീസർ